**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2011** **16-03-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | null<br>(മുഖ്യമന്ത്രി) | |
| (എ) | കോഴിക്കോട് വിമാനത്താവളത്തിൽ 2020 ആഗസ്റ്റ് 7 ന് ഉണ്ടായ വിമാന അപകടത്തെ തുടർന്ന് താല്ക്കാലികമായി നിർത്തലാക്കിയ വലിയ വിമാന സർവ്വീസുകൾ ഇതുവരെ പുനഃരാരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പുനഃരാരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | 07.08.2021 ൽ നടന്ന വിമാന അപകടത്തിന്റ കാരണം കണ്ടെത്തുന്നതിന് നിയോഗിച്ചിട്ടുള്ള Aircraft Accident Investigation Bureau (AAIB) യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ വലിയ വിമാനങ്ങൾ ഉപയോഗിച്ചുള്ള സർവ്വീസ് പുന:രാരംഭിക്കുകയുള്ളൂ. കോഴിക്കോട് വിമാനത്താവളത്തിൽ നിന്നും വലിയ വിമാനങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള വിലക്ക് പിൻവലിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുവാൻ കോഴിക്കോട് വിമാനത്താവള ഡയറക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അനുകൂല തീരുമാനം പ്രതീക്ഷിക്കുന്നു. |
| (ബി) | റൺവേയുടെ നീളം കൂട്ടുന്നതിന് വേണ്ട സ്ഥലം ഏറ്റെടുത്ത് നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന വിശദവിവരം ലഭ്യമാക്കാമോ; | (ബി) | 378.48 ഏക്കർ വിസ്തീർണ്ണമുള്ള കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേയുടെ വലിപ്പം 10/28 - 2700m X45m ആണ്. ഈ റൺവേ കോഡ് D, കോഡ് E വിമാനങ്ങൾക്ക് അനുയോജ്യമാണ്. വിമാനത്താവളത്തിന്റെ ഡൊമെസ്റ്റിക്ക് ടെർമിനൽ 12000 SQM ഉം ഇന്റർനാഷനൽ ടെർമിനൽ 39920 SQM ഉം ആണ്. ഇവിടുത്തെ വാർഷിക പാസഞ്ചർ കപ്പാസിറ്റി 3.5 MPPA ആണ്. 12 ഏപ്രൺ ഉള്ള ഈ വിമാനത്താവളത്തിൽ രാത്രിയിലും വിമാനമിറങ്ങുന്നതിനുള്ള സൗകര്യമുണ്ട്. കോഴിക്കോട് വിമാനത്താവളത്തിൽ ടെർമിനൽ വികസനത്തിനായി 137 ഏക്കർ ഭൂമിയും കാർ പാർക്കിംഗിനായി 15.5 ഏക്കർ ഭൂമിയും ഉൾപ്പെടെ ആകെ 152.5 ഏക്കർ ഭൂമി 2013 ലെ ലാൻഡ് അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുക്കേണ്ടതുണ്ട്. ടെർമിനൽ വികസനത്തിനുള്ള ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന് കണ്ണൂർ ആസ്ഥാനമായുള്ള ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് എന്ന ഏജൻസിയേയും കാർ |

| | | | |
|---|---|---|---|
| | | | പാർക്കിംഗുമായി ബന്ധപ്പെട്ട് സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന് കോട്ടയം ആസ്ഥാനമായുള്ള കേരള വോളന്ററി ഹെൽത്ത് സർവ്വീസസ് എന്ന ഏജൻസിയേയും സർക്കാർ നിയമിച്ചിരുന്നു. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | കോഴിക്കോട് വിമാനത്താവളത്തിൽ നിന്ന് പുറപ്പെടുന്ന വിദേശത്തേയ്ക്കുള്ള വിമാനങ്ങൾ അമിതനിരക്ക് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിമാന നിരക്ക് കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) | ടിക്കറ്റ് നിരക്ക് നിയന്ത്രിക്കാൻ കേന്ദ്ര സർക്കാരിനോട് പല തവണ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനത്തിനു വേണ്ടി എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; ഇനി എന്തെല്ലാം സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ? | (ഡി) | കോഴിക്കോട് വിമാനത്താവള വികസന സ്ഥലമെടുപ്പിൽ ടെർമിനൽ വികസനത്തിനായി 137 ഏക്കർ ഭൂമിയും കാർ പാർക്കിംഗിനായി 15.5 ഏക്കർ ഭൂമിയും ഉൾപ്പെടെ ആകെ 152.5 ഏക്കർ ഭൂമി 2013 ലെ ലാൻഡ് അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുക്കേണ്ടതുണ്ട്. ടെർമിനൽ വികസനത്തിനുള്ള ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന് കണ്ണൂർ ആസ്ഥാനമായുള്ള ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് എന്ന ഏജൻസിയേയും കാർ പാർക്കിംഗുമായി ബന്ധപ്പെട്ട് സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന് കോട്ടയം ആസ്ഥാനമായുള്ള കേരള വോളന്ററി ഹെൽത്ത് സർവ്വീസസ് എന്ന ഏജൻസിയേയും സർക്കാർ നിയമിച്ചിരുന്നു. എന്നാൽ സ്ഥലം ഉടമകളുടെ എതിർപ്പ് കാരണം സാമൂഹ്യ ആഘാത പഠനം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഏറ്റെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തുന്ന കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി റവന്യൂ, പൊതുമരാമത്ത്, ഗതാഗത, കായികം വകുപ്പ് മന്ത്രിമാരുടെ നേതൃത്വത്തിൽ 01.09.2021 ന് ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും ഒരു യോഗം ഓൺലൈനായി ചേരുകയും, തുടർന്ന് ഭൂമി ഏറ്റെടുക്കലിന്റെ നിജസ്ഥിതി വിലയിരുത്തുന്നതിന് കാലിക്കറ്റ് വിമാനത്താവളത്തിൽ വച്ച് 18.10.2021 ന് യോഗം ചേരുകയും ചെയ്തു. ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഇതു സംബന്ധിച്ച് കേന്ദ്ര വ്യോമയാന മന്ത്രിയുമായി 30.09.2021 ന് ചർച്ച നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ